**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>വിജ്ഞാപനം</u>**

**<u>സർക്കാർ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് – 2022</u>**
**<u>പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് അവസരം</u>**

സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിലെ 2022–23 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് അപ് അലോട്ട്മെന്റിലേയ്ക്കായി വിദ്യാർത്ഥികൾക്ക് **2022 ഒക്ടോബർ 17 മുതൽ ഒക്ടോബർ 19 രാവിലെ 10 മണിവരെ** പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. മുൻ അലോട്ട്മെന്റ് പ്രകാരം സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് , ആർക്കിടെക്ച്ചർ/സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനുശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ മുൻ അലോട്ട്മെന്റുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികളുടെയും 19.10.2022, വൈകുന്നേരം 3 മണിക്കുള്ളിൽ പ്രവേശനം നേടുന്ന വിദ്യാർഥികളുടെയും ഈ മോപ്-അപ് ഘട്ടത്തിലെ അലോട്ട്മെന്റ്/പ്രവേശനം ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും . **<u>സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർഥികളുടെയും 19.10.2022, വൈകുന്നേരം 3 മണിക്കുള്ളിൽ പ്രവേശനം നേടുന്ന വിദ്യാർഥികളുടെയും ഈ മോപ്-അപ്</u>**

**<u>അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്.</u>**

നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മോപ്-അപ് അലോട്ട്മെന്റ് വഴി ഒഴിവുള്ള സീറ്റുകളിലേക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം പുതുതായി ഒഴിവു വരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ മുൻ ഘട്ടങ്ങളിൽ നൽകിയിരുന്ന ഓപ്ഷനുകൾ ഈ ഓൺലൈൻ മോപ്അപ് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

| | |
|---|---|
| 17.10.2022 | ഓൺലൈൻ ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| 19.10.2022 (രാവിലെ 10 മണി) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 20.10.2022 | മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നു |
| 22.10.2022 (വൈകിട്ട്4.00 മണി) | കോളേജിൽ പ്രവേശനം നേടുവാനുള്ള അവസാന തീയതി |

മോപ് അപ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ നിർബന്ധമാണ്. മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM 2022 - Candidate Portal' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ 'Option Registration' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് 17.10.2022 മുതൽ 19.10.2022 രാവിലെ 10 മണിവരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മോപ് അപ് ഘട്ടത്തിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ്, അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിക്കുന്നുവെങ്കിൽ ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി 22.10.2022 വൈകുന്നേരം 4.00 ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട

സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് 22.10.2022 വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്** – വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ നൽകുന്ന ഓപ്ഷനുകൾ മാത്രമേ തുടർന്ന് സർക്കാർ/എയ്ഡഡ് കോളേജുകളിലേയ്ക്ക് ഓൺലൈൻ മോപ് അപ് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അതിൽ പരിഗണിക്കുകയുള്ളൂ. തുടർന്നുള്ള മോപ് അപ് അലോട്ട്മെന്റുകളിൽ (ഉണ്ടെങ്കിൽ) ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ എന്നിവ അനുവദിക്കുകയില്ലാത്തതിനാൽ വിദ്യാർത്ഥികൾ ഓപ്ഷനുകൾ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

**<u>മോപ് അപ് രജിസ്ട്രേഷൻ ഫീസ്</u>**

- മോപ് അപ് അലോട്ട്മെൻറ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2000 രൂപ (രൂപ രണ്ടായിരം മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് രജിസ്ട്രേഷൻ ഫീസ് ആയി കൊടുക്കേണ്ടതാണ്.

- എസ് സി/എസ് ടി/ ഒ ഇ സി/ ഒ ഇ സി ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ GO (Ms) No.25/2005/SCSTDD dated 20.06.2005, GO (Ms) No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർഥികളും ശ്രീചിത്ര ഹോം , ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും രജിസ്ട്രേഷൻ ഫീസ് കൊടുക്കേണ്ടതില്ല.

- രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷ കമ്മീഷണർക്ക് ഒടുക്കിയതിനു ശേഷം മാത്രമേ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്.

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെൻറ് ലൂടെ 2022 ലെ ഏതെങ്കിലും കോഴ്സുകൾക്ക് രജിസ്ട്രേഷൻ/ അഡ്മിഷൻ എന്നിവയിലേക്ക് വിദ്യാർത്ഥികൾ അടച്ച

തുക ഈ മോപ് അപ് രജിസ്ട്രേഷൻ ഫീസിനത്തിൽ വകയിരുത്തുന്നതല്ല. ഇത്തരം വിദ്യാർത്ഥികൾ പുതുതായി മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്. അലോട്ട്മെൻറ് ലഭിക്കുന്നപക്ഷം രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസിലേക്ക് വകയിരുത്തുന്നതാണ്.

- മോപ് അപ് അലോട്ട്മെൻറ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് റീഫണ്ട് ചെയ്യുന്നതാണ്.
- മോപ്പ് അലോട്ട്മെന്റിലൂടെ അലോട്ട്മെൻറ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതും അല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട് എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.16 18:37:58 IST
Reason: Approved

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**
**16/10/2022**